ഓഡിറ്റ് ചെയ്യുന്നതിന് ഹൈക്കോടതി ഒരു ഓഡിറ്റ് വിഭാഗത്തെ നിയോഗിച്ചിരുന്നുവോ;

(ബി) പ്രസ്തുത ഓഡിറ്റ് വിഭാഗം എന്തെല്ലാം കണക്കുകൾ ഓഡിറ്റ് ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഭാഗം നടത്തിയ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ)-(സി) 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപന നിയമത്തിലെ സെക്ഷൻ 102 അനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിലേയും ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലേയും സ്ഥാപനങ്ങളിലേയും ഓഡിറ്റ് നടത്തുന്നത് ഹൈക്കോടതി നിയമിക്കുന്ന ഓഡിറ്റർമാരാണ്. ഇപ്പോൾ ഓഡിറ്റ് നടത്തി വരുന്നത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. ഓരോ വർഷത്തേയും ഓഡിറ്റ് റിപ്പോർട്ട് ഹൈക്കോടതിക്കാണ് സമർപ്പിക്കുന്നത്. അതിന്മേൽ നടപടി എടുക്കുന്നതും ബഹു. ഹൈക്കോടതിയാണ്. സർക്കാരിലേക്ക് ഓഡിറ്റ് റിപ്പോർട്ട് നൽകുവാൻ നിയമത്തിന്റെ വ്യവസ്ഥകളില്ല. ആയതിനാൽ, ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും സർക്കാരിൽ ലഭ്യമല്ല.

ശബരിമല ദുരന്തം

70 (355)ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. പി.ജെ. ജോസി :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 14 ന് ശബരിമലയിലുണ്ടായ ദുരന്തത്തിന് വൈദ്യുതി ബോർഡ്, ദേവസ്വം ബോർഡ്, സംസ്ഥാന സർക്കാർ എന്നിവ ഏതെല്ലാം വിധത്തിലുള്ള വീഴ്ചകൾ വരുത്തിയതായാണ് പ്രസ്തുത സംഭവത്തെപ്പറ്റി അന്വേഷിച്ച കമീഷൻ അഭിപ്രായപ്പെട്ടിട്ടുള്ളത്;

(ബി) പരിസ്ഥിതിയും തീർത്ഥാടക സൗകര്യവും സംരക്ഷിക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങൾ പ്രസ്തുത കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്;

(സി) ശബരിമലയിലെത്തുന്ന ഭക്തജനങ്ങൾക്ക് സൗജന്യ ഭക്ഷണം നൽകുന്നതിനെ സംബന്ധിച്ച് കമ്മീഷന്റെ നിർദ്ദേശം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഭക്തജനങ്ങളുടെ തിരക്കുള്ള കാലങ്ങളിൽ ശബരിമലയിൽ നിന്നുള്ള വരുമാനമുപയോഗിച്ച് ഭക്തജനങ്ങൾക്ക് ഭക്ഷണം നൽകുവാൻ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)-(സി) ശബരിമല ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റീസ്. റ്റി. ചന്ദ്രശേഖരമേനോൻ അന്വേഷണ കമ്മിഷൻ 7.6.2000 ന്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയത് ഗവണ്മെന്റ് പരിശോധിച്ചുവരികയുമാണ്.

(ഡി) ദർശനത്തിന് വരുന്ന ഭക്തജനങ്ങൾക്ക് മുഴുവൻ ദേവസ്വം ബോർഡ് ഭക്ഷണം നൽകുക പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. പമ്പയിലും ശബരിമലയിലും പല സന്നദ്ധ സംഘടനകളും സൗജന്യഭക്ഷണം നൽകുന്ന രീതി ഇപ്പോൾ തന്നെ നിലവിലുണ്ട്.

തേനീച്ച വ്യവസായം പുനർജീവിപ്പിക്കുന്നതിന് നടപടി

71 (366)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന തേനീച്ച വ്യവസായത്തെ പുനർജീവിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് തേനീച്ച കർഷകർ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവരുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രസഹായത്തോടെ ഒരു പദ്ധതി 94-95, 95-96, 96-97 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 97-98 വർഷം തുടങ്ങി, കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് ധനസഹായം നേരിട്ട് തേനീച്ച വളർത്തൽ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.

(സി) കർഷകരുടെ നിവേദനങ്ങളൊന്നും കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

72 (375)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹോർട്ടിക്കൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാമിനെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആയി രൂപീകരിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ സംവിധാനം എന്തൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ കൗൺസിലിന്റെ ആസ്ഥാനം എവിടെയാണ്; കൗൺസിൽ രൂപീകൃതമാവുമ്പോൾ ഇപ്പോൾ കെ.എച്ച്.ഡി.പി.യിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കൗൺസിലിന്റെ കീഴിൽ കൊണ്ടുവരുമോ;

LIBRARY ARCHIVES Kerala Legislative Assembly